2025 മെയ് 22 ന് രാവിലെ 11.30 മണിക്ക് തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചേമ്പറിൽ ചേർന്ന കില ഇരുപത്തിയൊമ്പതാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ്.

കില എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർപേഴ്സണും തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുമായ ശ്രീ. പുനീത് കുമാർ ഐ.എ.എസ് അധ്യക്ഷത വഹിച്ചു.

ഹാജർ (യോഗത്തിൽ പങ്കെടുത്തവർ)

1. ഡോ. അദീല അബ്ദുള്ള ഐ.എ.എസ്
   സ്പെഷ്യൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
2. ഡോ. ദിനേശൻ ചെറുവാട്ട് ഐ.എ.എസ്
   ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണവകുപ്പ്
3. ശ്രീ ശ്രീനി. ജി
   അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്
4. ശ്രീ നിസാമുദ്ദീൻ. എ ഐ.എ.എസ്
   ഡയറക്ടർ ജനറൽ, കില

തീരുമാനങ്ങൾ

ഐറ്റം നമ്പർ – 01

2025 ജനുവരി 23, 12.00 PM, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ചേമ്പറിൽ ചേർന്ന കിലയുടെ ഇരുപത്തിയെട്ടാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിക്കുന്നത് സംബന്ധിച്ച്

തീരുമാനം :

അംഗീകരിച്ചു

ഐറ്റം നമ്പർ – 02

മുൻ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗതീരുമാനങ്ങളിലെടുത്ത നടപടി റിപ്പോർട്ട്

തീരുമാനം :

(എ) കില ജീവനക്കാരുടെ ഗ്രാറ്റിവിറ്റി ഫണ്ടിലെ ഗ്യാപ് ഒഴിവാക്കൽ (ഐറ്റം – 5) – കില ജീവനക്കാരുടെ ഗ്രാറ്റിവിറ്റി ഫണ്ടിലെ ഗ്യാപ് ഒഴിവാക്കുന്നതിന് 90 ലക്ഷം രൂപ വേണ്ടിവരുമെന്ന് കില ഡയറക്ടർ ജനറൽ അറിയിച്ചു. ഇത്രയും വലിയ ബാധ്യത എങ്ങനെ ആണ് തീർപ്പാക്കുക എന്നത് യോഗം വളരെ ഗൗരവമായി കാണുകയും 01.04.2013 വരെ ജോലിയിൽ പ്രവേശിച്ചവരുടെ പേരിലുള്ള ഗ്യാപ് കാലതാമസം കൂടാതെ ഒഴിവാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുന്നതിന് ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. കൂടാതെ 01.04.2013 ശേഷം ജോലിയിൽ പ്രവേശിച്ചരുടെ പേരിലുള്ള ഗ്രാറ്റിവിറ്റി ഗ്യാപ് ലയബിലിറ്റി

ഒഴിവാക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

(ബി) ശ്രീമതി നഫല കെ. എം, പി.എസ് ടു ഡയറക്ടർ, കില സി.എച്ച്.ആർ.ഡി, കൊട്ടാരക്കരക്ക് അനുവദിച്ച ശമ്പള സ്കെയിൽ സംരക്ഷിച്ച് അനുവദിച്ച ഡയറക്ടർ ജനറലിന്റെ നടപടിയുടെ സാധൂകരണം (ഐറ്റം നമ്പർ 9) – ഈ വിഷയത്തിൽ ധനകാര്യവകുപ്പിന്റെ കൂടി അഭിപ്രായം തേടേണ്ടതുണ്ട് എന്ന് യോഗം വിലയിരുത്തുകയും ഇതിനായി ഭരണ വകുപ്പ് മുഖേന ധനകാര്യവകുപ്പിന്റെ അഭിപ്രായം തേടുന്നതിന് തീരുമാനിച്ചു.

(സി) മറ്റ് തീരുമാനങ്ങളിൽ കൈക്കൊണ്ട നടപടികൾ കമ്മിറ്റി വിലയിരുത്തി തൃപ്തി രേഖപ്പെടുത്തി.

ഐറ്റം നമ്പർ – 03

കിലക്ക് ദേശീയ തലത്തിൽ ലഭിച്ച വിവിധ അംഗീകാരങ്ങൾ

തീരുമാനം :

ശ്രദ്ധയിൽപ്പെടുത്തിയത് യോഗം പരിഗണിച്ചു.

ഐറ്റം നമ്പർ – 04

2025-26 വർഷത്തെ കിലയുടെ വാർഷിക പദ്ധതിയും ബഡ്ജറ്റ് എസ്റ്റിമേറ്റും

തീരുമാനം :

വിവരങ്ങൾ സമർപ്പിച്ചത് വിലയിരുത്തി തൃപ്തി രേഖപ്പെടുത്തി.

ഐറ്റം നമ്പർ – 05

കില ആസ്ഥാനത്ത് കില കോളേജ് ഓഫ് ഡീസെൻട്രലൈസേഷൻ ആൻഡ് ലോക്കൽ ഗവേണൻസിനായി പുതിയ കെട്ടിട നിർമ്മാണം ഉൾപ്പെടെയുള്ള മറ്റ് അനുബന്ധ പദ്ധതികൾക്കുള്ള തുക കണ്ടെത്തുന്നത് സംബന്ധിച്ച്

തീരുമാനം :

കിഫ്ബി ഫണ്ട് ലഭിക്കുന്നത് ധനകാര്യ വകുപ്പ് മുഖേന പ്രത്യേക അനുമതി തേടുന്നതിന് തീരുമാനിച്ചു. കില കോളേജ് കെട്ടിട നിർമ്മാണം ഉൾപ്പെടെയുള്ള അനുബന്ധ പദ്ധതികൾക്കുള്ള തുക സി.എസ്.ആർ ഫണ്ട്, സ്പോൺസർഷിപ്പ് തുടങ്ങിയ മാർഗങ്ങളിലൂടെ കണ്ടെത്തുന്നതിനും സർക്കാർ അംഗീകൃത അക്രഡിറ്റഡ് ഏജൻസികൾ മുഖേന നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും തീരുമാനിച്ചു

ഐറ്റം നമ്പർ – 06

കില ഹെഡ് ക്വാർട്ടേഴ്സിലെ ഭൗതിക സൗകര്യങ്ങളുടെ നിരക്ക് പുനർനിശ്ചയിക്കുന്നത് സംബന്ധിച്ച്

തീരുമാനം :

കില മുൻഗണന നൽകി നടത്തേണ്ട ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമുള്ള പരിശീലനങ്ങളെ ഒരു തരത്തിലും ബാധിക്കാത്ത തരത്തിൽ ഹാളുകളും താമസ

സൗകര്യവും, ഒഴിവുള്ള മുറക്ക് മാത്രം, പുറമെ നിന്ന് സമീപിക്കുന്ന സർക്കാർ വകുപ്പുകൾക്കും സർക്കാർ സ്വയംഭരണ സ്ഥാപനങ്ങൾക്കും പൊതു മേഖല സ്ഥാപനങ്ങൾക്കും വിദ്യാർത്ഥികൾക്കും താഴെപ്പറയുന്ന ഇളവ് അനുവദിച്ചു വിട്ടുനൽകുന്നതിന് കില ഡയറക്ടർ ജനറലിന് അനുമതി നൽകുന്നതിന് തീരുമാനിച്ചു

1	എക്സ്റ്റർണൽ പദ്ധതികളുടെ ഭാഗമായി കിലയിൽ പരിശീലനം നടത്തുന്നതിനായി അപേക്ഷ സമർപ്പിക്കുന്ന സർക്കാർ വകുപ്പുകൾ, സർക്കാർ സ്വയംഭരണ സ്ഥാപനങ്ങൾ, പൊതു മേഖല സ്ഥാപനങ്ങൾ, തുടങ്ങിയവർ	ഹോസ്റ്റൽ മുറികളുടെ വാടക 50 ശതമാനം നിരക്കിൽ. പരിശീലന ഹാളുകളുടെ വാടക 75 ശതമാനം നിരക്കിൽ.
2	ഇന്റർഫേസ് /ഇന്റേൺഷിപ്പിന്റെ ഭാഗമായി എത്തുന്ന വിദ്യാർത്ഥികൾക്ക്	ഹോസ്റ്റൽ മുറികളുടെ വാടക 20 ശതമാനം നിരക്കിൽ. നോൺ-എ.സി പരിശീലന ഹാളുകളുടെ വാടക 30 ശതമാനം നിരക്കിൽ. എ.സി പരിശീലന ഹാളുകളുടെ വാടക 50 ശതമാനം നിരക്കിൽ

ഐറ്റം നമ്പർ – 07

കിലയുടെ അക്കാദമിക് സ്റ്റാഫുകളുടെ സ്ഥാനക്കയറ്റം അനുവദിക്കുന്നതിനുള്ള സ്ക്രീനിംഗ്-കം-സെലക്ഷൻ കമ്മിറ്റി പുനസംഘടിപ്പിക്കുന്നത് സംബന്ധിച്ച്

തീരുമാനം :

കിലയിലെ അക്കാദമിക് സ്റ്റാഫുകളുടെ സെലക്ഷൻ/സ്ക്രീനിംഗ് കമ്മിറ്റി താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി രൂപീകരിക്കുന്നതിന് തീരുമാനിച്ചു

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് - ചെയർപേഴ്സൺ
2. ഡയറക്ടർ ജനറൽ, കില
3. പ്രൊഫസർ, സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസ്
4. മെമ്പർ (വികേന്ദ്രീകൃത ആസൂത്രണം), കേരള സംസ്ഥാന ആസൂത്രണ ബോർഡ്.

ഐറ്റം നമ്പർ – 08

കിലയും മറ്റ് സ്ഥാപനങ്ങളുമായുള്ള സഹകരണം, ധാരണാപത്രം ഒപ്പുവെക്കുന്നത് സംബന്ധിച്ച്

തീരുമാനം :

(എ) കില ബെൽജിയം ആസ്ഥാനമായുള്ള UN University's Comparative Regional Integration Studies (UNU-CRIS), ദക്ഷിണ ആഫ്രിക്കയിലെ ഡർബൻ സിറ്റി,

മുനിസിപ്പൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേർണിംഗ് എന്നീ സ്ഥാപനങ്ങളുമായി ധാരണാപത്രത്തിൽ ഒപ്പിടുന്നതിന് തീരുമാനിച്ചു.

(ബി) ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമുള്ള പരിശീലനങ്ങളെ ബാധിക്കാത്ത തരത്തിൽ തൃശ്ശൂർ കില ക്യാമ്പസിൽ കോർപ്പറേറ്റ് പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിന് തീരുമാനിച്ചു.

(സി) കപ്പാസിറ്റി ബിൽഡിംഗ് കമ്മീഷനും മിഷൻ കർമ്മയോഗി ഭാരതുമായി സഹകരിച്ചു കിലയുടെ പ്രവർത്തനങ്ങൾ ദേശീയ അന്തർദേശീയ തലത്തിൽ മികവുറ്റതാക്കുന്നതിനു തീരുമാനിച്ചു.

ഐറ്റം നമ്പർ – 09

കില – കിഫ്ബി പദ്ധതി നിർവ്വഹണം സംബന്ധിച്ച റിപ്പോർട്ട്

തീരുമാനം :

നിലവിലെ പുരോഗതിയിൽ യോഗം സംതൃപ്തി രേഖപ്പെടുത്തി. നിർമ്മാണ പ്രവർത്തികൾ വേഗത്തിലാക്കി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.

ഐറ്റം നമ്പർ – 10

കില – ഹെഡ് ക്വാർട്ടേഴ്സ് – താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തൽ/തസ്തിക സൃഷ്ടിക്കൽ എന്നിവ സംബന്ധിച്ച്

തീരുമാനം :

വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടുന്നതിന് തീരുമാനിച്ചു

ഐറ്റം നമ്പർ – 11

കില എസ്.എ.എസ് കെട്ടിടത്തിന് മുകളിൽ BSNL ന്റെ 4G/5G കവറേജിനായി Mast/ Pole Structure സ്ഥാപിക്കുന്നതിനായി BSNL ൽ നിന്ന് ലഭ്യമായ അപേക്ഷ – സംബന്ധിച്ച്

തീരുമാനം :

Mast/Pole Structure സ്ഥാപിക്കുന്നതിന് വിവിധ വകുപ്പുകളും സ്ഥാപനങ്ങളും സൗജന്യ നിരക്കിൽ അനുമതി നൽകിയിട്ടുള്ളതായി യോഗം വിലയിരുത്തി. ടി സാഹചര്യത്തിൽ കിലക്ക് വാടക ലഭിക്കുന്ന രീതിയിൽ BSNL ൽ നിന്ന് ലഭ്യമായ പ്രൊപോസൽ അംഗീകരിക്കുന്നതിന് തീരുമാനിച്ചു

ഐറ്റം നമ്പർ – 12

കില ഹെഡ്ക്വാർട്ടേഴ്സ് ജീവനക്കാർക്ക് സ്റ്റാഫ് വെൽഫെയർ ഫണ്ട് രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ അംഗീകരിക്കുന്നത് സംബന്ധിച്ച്.

തീരുമാനം :

ഗവേർണിംഗ് കൗൺസിലിന്റെ അനുമതിയോടെ സ്റ്റാഫ് വെൽഫെയർ ഫണ്ട് രൂപീകരിക്കുന്നതിനുള്ള Memorandum of Association സർക്കാരിലേക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.
ഐറ്റം നമ്പർ – 13 ഓഫീസ് പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനായി ഡയറക്ടർ ജനറൽ സ്വീകരിച്ച നടപടികളുടെ/ഉത്തരവുകളുടെ സാധൂകരണം – സംബന്ധിച്ച് **തീരുമാനം :** **സാധൂകരിച്ചു**
ഐറ്റം നമ്പർ – 14 ശ്രീമതി. മല്ലിക കെ.എസ്, മൾടി ടാസ്ക് വർക്കർ (റിട്ട)-ന് കില ഗ്രൂപ്പ് ഗ്രാറ്റിവിറ്റി സ്കീം പ്രകാരമുള്ള ആനുകൂല്യം അനുവദിക്കുന്നത് – സംബന്ധിച്ച് **തീരുമാനം :** **അംഗീകരിച്ചു**
ഐറ്റം നമ്പർ – 15 ഭരണഘടനസാക്ഷരത – കില–സി.എച്ച്.ആർ.ഡി ആസ്ഥാനമാക്കി ഡോ. ബി. ആർ. അംബേദ്ക്കർ ചെയർ ആരംഭിക്കുന്നതിനുള്ള അനുമതി – പുതുക്കിയ പ്രൊപ്പോസൽ അംഗീകരിക്കുന്നത് സംബന്ധിച്ച് **തീരുമാനം :** **പ്രൊപോസൽ അംഗീകരിച്ചു. ഫണ്ട് ലഭ്യതയ്ക്കായി ധനകാര്യ വകുപ്പിനോട് പ്രത്യേകമായി അഭ്യർത്ഥിക്കുന്നതിന് തീരുമാനിച്ചു.**
ഐറ്റം നമ്പർ – 16 അദ്ധ്യക്ഷ അനുവദിക്കുന്ന മറ്റ് വിഷയങ്ങൾ **തീരുമാനം :** **മറ്റ് വിഷയങ്ങളൊന്നും പരിഗണനയ്ക്ക് വന്നില്ല.**

യോഗം 12.40 PM ന് അവസാനിച്ചു

Puneet Kumar
29/05/2025

പുനീത് കുമാർ ഐ.എ.എസ്
ചെയർപേഴ്സൺ, കില എക്സിക്യൂട്ടിവ് കമ്മിറ്റി &
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്

28.05.2025

PUNEET KUMAR IAS
Additional Chief Secretary to Government
PEN : 325164
LSGD/Power Department
Government Secretariat
Thiruvananthapuram